(സി) ചെറുകിട ജലസേചന വിഭാഗത്തിലെ എന്തെല്ലാം അധികാരങ്ങളാണ് ത്രിതല പഞ്ചായത്ത് സംവിധാനത്തിന് നൽകിയിട്ടുള്ളത്;

(ഡി) ഇതുവരെയുള്ള ത്രിതല പഞ്ചായത്തുകളുടെ ഈ രംഗത്തെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ആവിഷ്കരിച്ച ചെറുകിട ജലസേചന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. ജലധാരാ പദ്ധതി.

2. ജലവാഹിനി പദ്ധതി.

3. ചെക്ക് ഡാം പദ്ധതി.

4. മലയോര ജലസംഭരണ പദ്ധതി.

(ബി) ഉണ്ട്. നബാർഡിന്റെ സഹായത്തോടുകൂടി റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ടിന്റെ (RIDF) ഒന്നും രണ്ടും മൂന്നും നാലും ഘട്ടങ്ങളിലായി യഥാക്രമം 60, 118, 98, 86 ചെറുകിട ജലസേചന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ RIDF V ൽ ഉൾപ്പെടുത്തി 86 പദ്ധതികൾ കൂടി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) 15 ഹെക്ടർവരെ ജലസേചനം നടത്തുന്ന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളും അവയുടെ അറ്റകുറ്റ പണികളും ചെയ്യുന്നതിനുള്ള അധികാരം ത്രിതല പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

(ഡി) ചെറുകിട ജലസേചന വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്താൻവേണ്ടി പ്രത്യേക നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

50 (1156) ഗ്രാമീണ ജലവിതരണ പദ്ധതി

ശ്രീ. വി. ബാലറാം :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഗ്രാമീണ ജലവിതരണ പദ്ധതികളുടെ പണി നടത്തിവരുന്നു;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ എ.ആർ.പി. സഹായം ലഭ്യമല്ലാത്ത ഗ്രാമീണ ജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ സാമ്പത്തിക വർഷം എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(സി) ഏതൊക്കെ പദ്ധതികൾക്കു വേണ്ടിയാണ് ഈ തുക വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 161 പ്രധാന ഗ്രാമീണ ജലവിതരണ പദ്ധതികളുടെ പണി നടന്നുവരുന്നു.

(ബി) 3005 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

പദ്ധതികൾ	തുക
1. ഭാഗികമായി മാത്രം കുടിവെള്ളം ലഭിക്കുന്ന വാർഡുകളിൽ ശുദ്ധജലം എത്തിക്കുവാനുള്ള പദ്ധതികൾ	325.00
2. ഇടക്കാല വിപുലീകരണം ഉൾപ്പെടെ എൽ.ഐ.സി/ഹഡ്കോയ്ക്കുള്ള യോഗ്യ സഹായം - ഗ്രാമീണ പദ്ധതികൾ	300.00
3. എൽ.ഐ.സി. സഹായത്തോടെയുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	10.00
4. എ.ആർ.പി. സഹായമില്ലാത്ത മറ്റു ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ	1200.00
5. ലോകബാങ്ക് സഹായത്തോടെ പൂർത്തീകരിച്ച ജലവിതരണ പദ്ധതികൾ	200.00
6. നെതർലാന്റ് സഹായത്തോടെയുള്ള പദ്ധതികൾ	600.00
7. ഡാനിഡയുടെ സഹായത്തോടെയുള്ള പദ്ധതികൾ	25.00
8. ഒ.ഇ.സി.എഫ്. (ജപ്പാൻ) സഹായത്തോടെയുള്ള പദ്ധതികൾ	60.00
9. ടെക്നോളജി മിഷൻ പദ്ധതികൾ	
25% സംസ്ഥാന വിഹിതം	100.00
50% സംസ്ഥാന വിഹിതം	185.00

51 (1157) വിദേശ സഹായത്തോടെ നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാനിലെ ഓവർസീസ് ഇക്കണോമിക് കോ-ഓപ്പറേഷൻ ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്ത് ശുദ്ധജല വിതരണ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) ഈ പദ്ധതിക്ക് എന്തു തുകയുടെ സഹായമാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly